**ശ്രദ്ധക്ഷണിക്കൽ**

പ്രവാസികളുടെ പുനരധിവാസം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നമ്മുടെ രാജ്യത്തിന്റെ വരുമാനത്തിൽ സുപ്രധാനമായ പങ്ക് വഹിക്കുന്നവരാണ് പ്രവാസികൾ, പ്രത്യേകിച്ച് ഗൾഫ് മലയാളികൾ. അവരിന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. എണ്ണയുടെ വിലത്തകർച്ചമൂലം വരുമാനത്തിലുണ്ടാകുന്ന കുറവ് സ്വാഭാവികമായും നമ്മുടെ പ്രവാസികളെയാണ് ഡയറക്ടായി ബാധിക്കുന്നത്. വലിയ തോതിലുള്ള പിരിച്ചുവിടൽ പല സ്ഥാപനങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. ഓയിൽ സെക്ടറിലും ഗവൺമെന്റ് സെക്ടറിലും ജോലിചെയ്യുന്നവരെ ഖത്തർ പോലുള്ള രാജ്യങ്ങളിൽ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ ഒരു കൂട്ട പിരിച്ചുവിടൽ നടന്നിട്ടില്ലായെന്ന് മാത്രമേയുള്ളൂ. എണ്ണയുടെ വിലത്തകർച്ചമൂലം ആളുകൾ തിരിച്ച് നാട്ടിലേക്ക് വന്നുകൊണ്ടിരിക്കുയാണ്. അതുപോലെതന്നെ സൗദി അറേബ്യപോലുള്ള രാജ്യങ്ങളിലും സമീപകാലത്ത് നിതാഖത്മൂലമുള്ള പിരിച്ചുവിടൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഗൾഫ് രാജ്യങ്ങളിൽ രണ്ട് രീതിയിലുള്ള പ്രശ്നങ്ങളുണ്ട്. ഒന്ന് അസംസ്കൃത എണ്ണയുടെ വിലത്തകർച്ചയും മറ്റൊന്ന് സ്വദേശിവൽക്കരണവുമാണ്. ഇത് രണ്ടും പ്രത്യക്ഷത്തിൽ ബാധിക്കുന്നത്

നമ്മളെയാണ്. തിരിച്ചുവരുന്ന ആളുകൾക്ക് പുനരധിവാസ പദ്ധതികൾ ഏർപ്പെടുത്തുക എന്നതാണ് നമ്മുടെ മുന്നിലുള്ള ഏറ്റവും പ്രധാനപ്പെട്ട വിഷയം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിതാഖത്തുമായി ബന്ധപ്പെട്ട് തിരിച്ചുവരുന്നവർക്ക് ചില റീഹാബിലിറ്റേഷൻ പ്രോജക്ടുകൾ പ്രഖ്യാപിച്ചിരുന്നെങ്കിലും പ്രസ്തുത പദ്ധതികളൊന്നും ഫലവത്താക്കാൻ സാധിച്ചില്ല. ഇത്തരത്തിൽ തിരിച്ചുവരുന്ന ആളുകൾക്ക് തൊഴിൽ നൽകുന്നതിനും അതുപോലെതന്നെ അവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്ക് ഗവൺമെന്റ് രൂപം നൽകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന് പ്രവാസി മലയാളികൾക്കുവേണ്ടിയുള്ള ആനുകൂല്യങ്ങൾ, സാന്ത്വനം പോലുള്ള പദ്ധതികൾ എന്നിവ കാര്യക്ഷമമായും കാലോചിതമായും നടപ്പിലാക്കേണ്ടതുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം ഫലപ്രദമായ രീതിയിൽ നടത്താൻ നമുക്കിതുവരെ സാധിച്ചിട്ടില്ല. അത് നല്ല രീതിയിൽ സംഘടിപ്പിക്കുന്നതിനും അതിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചാൽ മാത്രമേ അതിൽ പ്രവാസികൾ ചേരുകയുള്ളൂ. ഇപ്പോൾ 30 ലക്ഷത്തോളം പ്രവാസികളുണ്ടെന്നാണ് കണക്ക്. പക്ഷേ ഈ ക്ഷേമനിധിയിൽ

കഴിഞ്ഞ ഏഴ് വർഷക്കാലംകൊണ്ട് ചേർന്ന പ്രവാസികളുടെ എണ്ണം 1,40,000 മാത്രമാണ്. കാലോചിതമായിട്ടുള്ള ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാത്തതുകൊണ്ടാണ് അതിൽ ആളുകൾ ചേരാത്തത്. അതുപോലെ പെൻഷൻ തുകയും വളരെ കുറവാണ്. ആയതിനാൽ പ്രസ്തുത തുകയും വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കണം. പ്രവാസി ക്ഷേമനിധിയിൽ ചേരുന്ന ആളുകൾക്ക് അതിന്റെ കാലാവധി പൂർത്തിയാകുന്ന സമയത്ത് അവർ അടച്ച തുകയും അതിന്റെ ഇന്ററസ്റ്റും നൽകാൻ സാധിച്ചാൽ മാത്രമേ കൂടുതൽ ആളുകൾ ഇതിൽ ചേരുകയുള്ളൂ. അതുപോലെ അവരെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ് അവരുടെ യാത്രാപ്രശ്നം. ഇക്കാര്യം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നിരവധി തവണ സൂചിപ്പിച്ചിരുന്നെങ്കിലും അതിലൊരു പരിഹാരമുണ്ടാക്കാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യങ്ങളിൽ വളരെ ശ്രദ്ധയുള്ള വ്യക്തിയാണ്. അദ്ദേഹം പ്രവാസികളുമായി നിരന്തരം ബന്ധമുള്ളയാളാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>പ്രവാസികളുടെ പുനരധിവാസം</u>

മുഖ്യമന്ത്രി (<u>ശ്രീ. പിറണായി വിജയൻ</u>): സർ, നമ്മുടെ സംസ്ഥാനത്തെ അതീവ

ഗൗരവമായി ബാധിക്കുന്ന ഒരു പ്രശ്നമാണ് ശ്രീ. കെ.വി. അബ്ദുൾ ഖാദർ ഇവിടെ ഉന്നയിച്ചത്. ഭൂപരിഷ്കരണ നിയമം കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്തിന്റെ അഭിവൃദ്ധിയിൽ ഏറ്റവും കൂടുതൽ പങ്ക് വഹിച്ചത് പ്രവാസികളുടെ സംഭാവനയാണെന്നത് വസ്തുതയാണ്. പ്രവാസികൾ വലിയ തോതിൽ തിരിച്ചുവരാൻ ഇടയാകുമോയെന്ന ആശങ്കയാണ് അദ്ദേഹം ഇവിടെ പങ്കുവെച്ചിരിക്കുന്നത്. ഗൾഫ് രാജ്യങ്ങളിലുള്ള സാമ്പത്തിക പ്രശ്നങ്ങളും ആഭ്യന്തര പ്രശ്നങ്ങളുമാണ് ഇത്തരം പ്രതിസന്ധികൾക്ക് ഇടയാകുന്നത്. ഇതിന്റെയെല്ലാം ഫലമായി പലപ്പോഴും അവിടെ ജോലിയെടുക്കുന്നവർക്ക് തിരിച്ച് നാട്ടിലേക്ക് വരേണ്ട സാഹചര്യം സംജാതമാകുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ അസംസ്കൃത എണ്ണയുടെ വില താഴേക്ക് പോകുമ്പോഴുള്ള പ്രത്യാഘാതം ചെറിയ തോതിൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രത്യാഘാതം സ്വാഭാവികമായും നമ്മളെ ബാധിക്കുമോ എന്നതിനെക്കുറിച്ച് നാം ആശങ്കപ്പെടേണ്ടതായിട്ടുണ്ട്. സൗദിയിലെ നിതാഖത് സമ്പ്രദായംമൂലം നേരത്തെതന്നെ മലയാളികളിൽ പലർക്കും ജോലി നഷ്ടപ്പെട്ട അവസ്ഥ സംജാതമായിട്ടുണ്ട്. കൂടുതൽ വിദേശികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും കുറച്ച് വിദേശികളെ നിയോഗിച്ചിട്ടുള്ള സ്ഥാപനങ്ങളിലേക്ക് ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെടുന്നവരെ മാറ്റാൻ

സാധിക്കുമോയെന്നതാണ് ഇവിടെ പരിശോധിക്കാൻ സാധിക്കുന്ന ഒരു രീതി. പക്ഷേ ഇത്തരം നടപടികളൊന്നും അത്ര കണ്ട് പ്രായോഗികമല്ലാത്തതിനാൽ സ്വാഭാവികമായും അവർക്ക് നാട്ടിലേക്ക് മടങ്ങി വരേണ്ടതായി വരും. അതുപോലതന്നെ ഇത്തരം പരിശോധനകൾ ആരംഭിക്കുമ്പോൾ അതിന്റെ ഭാഗമായി അധികം വരുന്ന ആളുകൾക്ക് മാത്രമല്ല നാട്ടിലേക്ക് മടങ്ങി വരേണ്ടിവരുന്നത്. മറ്റ് തരത്തിൽ ജോലി ചെയ്യുന്നവർക്കും സ്വാഭാവികമായി അവിടെനിന്ന് തിരച്ചുവരേണ്ടതായി വരും. കാരണം ഇതിന്റെ ഭാഗമായി പരിശോധന നിർബന്ധിതമാകുന്ന നില സംജാതമാകും. ഇന്ത്യൻ എംബസി, അതുപോലെതന്നെ കേരളീയരായ വിദേശ തൊഴിൽ ദാതാക്കൾ എന്നിവരുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പകരം തൊഴിൽ ഉറപ്പുവരുത്താൻ കഴിയുമോ എന്ന ശ്രമമാണ് നമുക്ക് നടത്താൻ സാധിക്കുന്നത്. ആ ശ്രമം സംസ്ഥാന ഗവൺമെന്റ് നടത്തുക തന്നെ ചെയ്യും. എന്നാൽ നമ്മുടെ കയ്യിൽ മാത്രം നിൽക്കുന്ന ഒരു കാര്യമല്ല ഇത്. എങ്കിലും ഇക്കാര്യത്തിൽ നമുക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്. തിരികെ എത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ വായ്പകൾ നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. എന്നാൽ

അതിന്റെ വിവരങ്ങൾ പരിശോധിക്കുമ്പോൾ അത് അത്രത്തോളം കാര്യക്ഷമമമാണെന്ന് പറയാൻ സാധിക്കില്ല. ആയതിനാൽ പ്രവാസികൾക്ക് ഇതുസംബന്ധിച്ച് വലിയ തോതിലുള്ള അസംതൃപ്തി നിലനിൽക്കുന്നുണ്ട്. നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് 28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ശ്രീ. അബ്ദുൾ ഖാദർ സൂചിപ്പിച്ചതുപോലെ പ്രവാസി ക്ഷേമനിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. 30 ലക്ഷത്തോളം പ്രവാസികളുണ്ടെങ്കിലും ക്ഷേമനിധിയിൽ കഴിഞ്ഞ ഏഴ് വർഷക്കാലംകൊണ്ട് അംഗങ്ങളായ പ്രവാസികളുടെ എണ്ണം 1,40,000 മാത്രമാണെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഇത്തരം ആനുകൂല്യങ്ങളുടെ കാര്യത്തിൽ നല്ല മാറ്റം ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിക്കുകതന്നെ ചെയ്യും. കാലാനുസൃതമായി ക്ഷേനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കും. ഗൾഫിൽ നിന്ന് തിരികെ വരുന്നവരെ പുനരധിവസിപ്പിക്കാൻ പുതിയ പദ്ധതികൾക്ക് രൂപം നൽകേണ്ടതായി വരും. സംസ്ഥാന സർക്കാർ അതീവ താൽപര്യത്തോടുകൂടിതന്നെ ഇത്തരം പദ്ധതികൾക്ക് രൂപം നൽകുന്നതായിരിക്കും. നേരത്തെ ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വിദേശത്തുനിന്ന് മടങ്ങിവരുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ബാക്ക് എന്റ് സബ്സിഡി

എന്നൊരു സംവിധാനം ഉണ്ടായിരുന്നു. പക്ഷേ അതിപ്പോൾ അവതാളത്തിലായിരിക്കുകയാണ്. ഈ സബ്സിഡി മുൻകൂറായി നൽകാനാകണമെന്നതാണ് സർക്കാർ നിലപാട്. അതോടൊപ്പം പ്രവാസി സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുകയും വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. പ്രവാസികൾക്ക് നല്ല സംരക്ഷണം നൽകുന്നതിനുള്ള പ്രത്യേക സ്കീം ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇതിനെല്ലാം സർക്കാർ നല്ല മുൻഗണന നൽകും. അതോടൊപ്പം പ്രവാസികൾ നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് നിസ്സാരമായ ചില കേസ്സുകളുടെ കാര്യത്തിൽ ദീർഘമായി വിദേശത്ത് ജയിലിൽ കഴിയേണ്ടിവരുന്നത്. നിസ്സഹായരായ അവർക്ക് നിയമസഹായം ലഭ്യമാകാത്ത അവസ്ഥയുണ്ട്. അങ്ങനെയുള്ളവർക്ക് നിയമസഹായമുൾപ്പെടെ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം അദ്ദേഹം ഉന്നയിച്ച മറ്റൊരു വിഷയമാണ് യാത്രാ പ്രശ്നം. എല്ലാ വിഷയങ്ങളിലും നമുക്ക് ഒരേ വികാരം തന്നെയാണുള്ളത്. യാത്രാ പ്രശ്നത്തിന്റെ കാര്യത്തിൽ ഫലപ്രദമായ നടപടിയിലേക്ക് സർക്കാർ നീങ്ങുകതന്നെ ചെയ്യുമെന്നാണ് എനിക്ക് ഉറപ്പ് നൽകാനുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് വളരെ പോസിറ്റീവായി

പ്രതികരിച്ചതിൽ വളരെയധികം നന്ദിയുണ്ട്. സാന്ത്വനം പോലുള്ള പദ്ധതികളിൽ നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. പിറണായി വിജയൻ:സർ, ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ, കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് സർക്കാർ തയ്യാറാകും.

## (2) ശ്രവണ സഹായ ഉപകരണങ്ങൾക്കുള്ള വാറന്റി

ഡോ. എം. കെ. മുനീർ: സർ, സർക്കാരിന്റെ ഏറ്റവും ശ്രദ്ധേയമായ പദ്ധതികളിലൊന്നാണ് 'ശ്രുതി തരംഗം'. തീവ്ര ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇൻപ്ലാന്റേഷനിലൂടെ ശ്രവണ ശക്തിയും സർജറിക്ക് ശേഷം രണ്ടുവർഷം നീണ്ടു നിൽക്കുന്ന ഓഡിയോ വെർബൽ റീഹാബിലിറ്റേഷനിലൂടെ സംസാരശേഷി തിരിച്ചു നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. സർജറിക്ക് ശേഷം രണ്ടുവർഷം നീണ്ടു നിൽക്കുന്ന ഓഡിയോ വെർബൽ റീഹാബിലിറ്റേഷന് ഒരു ലക്ഷം രൂപയാണ് ചെലവ്. പൊതുമേഖലയിൽ ആ കാലഘട്ടത്തിൽ സർക്കാർ ആശുപത്രികളിൽ ഇങ്ങനെയുള്ള ഒരു സംവിധാനമുണ്ടായിരുന്നില്ല. പക്ഷേ ഇപ്പോൾ പാരാമെഡിക്കൽ ജീവനക്കാർക്കും ഡോക്ടർമാർക്കുമൊക്കെ പരിശീലനം നൽകി പദ്ധതി നല്ലരീതിയിൽ നടന്നുവരികയാണ്. കഴിഞ്ഞ മാർച്ച് 31 വരെ 640 ഓളം കുട്ടികൾക്ക്

സർജറി നടത്താൻ സാധിച്ചു. ആദ്യം ആന്ധ്രാപ്രദേശിൽ ഇത് തുടങ്ങിയെങ്കിലും അവിടെ ഇത് വിജയകരമായില്ല. ഇപ്പോൾ ആന്ധ്രാപ്രദേശ് കേരളത്തിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് ആ പദ്ധതി പുനരാവിഷ്ക്കരിക്കുകയാണ്. ഇതിലുള്ള ഒരു പ്രധാന പ്രശ്നം കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണത്തിന് പ്രധാനപ്പെട്ട രണ്ട് ഭാഗങ്ങളാണുള്ളത്. ഒന്ന്, ഇന്റേണൽ ഇംപ്ലാന്റ് എന്നുപറയുന്ന സർജറി ചെയ്ത് അകത്ത് വയ്ക്കുന്ന ഇംപ്ലാന്റും ബാഹ്യ കർണ്ണത്തിൽ ഘടിപ്പിക്കുന്ന സ്പീച്ച് പ്രോസസറും. ഇന്റേണൽ ഇംപ്ലാന്റിന് 10 വർഷത്തെ വാറന്റി ഉണ്ട്. പക്ഷേ സ്പീച്ച് പ്രോസസറിന് സാധാരണ കമ്പനികൾ 3 വർഷമാണ് കൊടുക്കാറുള്ളതെങ്കിലും ഗവൺമെന്റ് നെഗോഷിയേറ്റ് ചെയ്ത് നമ്മുടെ സ്റ്റേറ്റിൽ 4 വർഷം അതിന് വാറന്റി ലഭിച്ചിട്ടുണ്ട്. 2012 ആഗസ്റ്റ് മുതൽ 'ശ്രുതി തരംഗം' വഴി സർജറി ആരംഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ സർജറി ചെയ്തിട്ടുള്ള അൻപതോളം കുട്ടികളുടെ സ്പീച്ച് പ്രോസസറുകളുടെ 4 വർഷത്തെ വാറന്റി ഈ ആഗസ്റ്റ്-സെപ്റ്റംബർ മാസത്തിൽ അവസാനിക്കുകയാണ്. ക്രമാനുഗതമായി മറ്റ് കുട്ടികളുടെ സ്പീച്ച് പ്രോസസറുകളുടെ വാറന്റിയും അവസാനിക്കും. 2 ലക്ഷം രൂപയാണ് സ്പീച്ച് പ്രോസസറിന്റെ തുക. അത് പാവപ്പെട്ട ജനങ്ങളെ സംബന്ധിച്ചിടത്തോളം താങ്ങാൻ പറ്റാത്തതാണ്. ഇപ്പോൾ തന്നെ എത്രയോ അമ്മമാരെ സംബന്ധിച്ചിടത്തോളം വലിയ സന്തോഷമാണ്;

ഒരിക്കലും സംസാരിക്കില്ലായെന്ന് വിചാരിച്ച കുട്ടി അമ്മേ എന്ന് വിളിക്കുന്നു, നന്നായി പാടുകയും സംസാരിക്കുകയും പ്രസംഗിക്കുകയുമൊക്കെ ചെയ്യുന്നു. നിരവധി കുടുംബങ്ങളുടെ ആശയാണ് ഈ പദ്ധതി. എനിക്ക് ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത് ഈ കുടുംബങ്ങളുടെ സന്തോഷം നിലനിർത്താൻ സ്പീച്ച് പ്രോസ്സസറുകൾക്കും അനുബന്ധ ഉപകരങ്ങൾക്കും എക്സ്റ്റന്റഡ് വാറന്റിയോ ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റോ കോപ്രിഹെൻസീവ് ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റോ ഇതിലേതെങ്കിലുമേർപ്പെടുത്തി ഇതിന്റെ ചുമതല ഗവൺമെന്റ് തന്നെ ഏറ്റെടുത്ത് കുടുംബങ്ങളിൽ ഇതിന്റെ ഭാരം വരാതെ നോക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ?

## <u>(2) ശ്രവണ സഹായ ഉപകരണങ്ങൾക്കുള്ള വാറന്റി</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ വളരെ ഉപകാരപ്രദമായിട്ടുള്ള ഒരു പദ്ധതിയാണ് 'ശ്രുതി തരംഗം'. ഡോ. എം.കെ. മുനീർ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നല്ല മുൻകൈ എടുത്തിട്ടുമുണ്ട്. 5 വയസ്സു വരെ പ്രായമുള്ള ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും രണ്ടുവർഷം നീണ്ടു നിൽക്കുന്ന ഓഡിറ്ററി വെർബൽ ഹാബിറ്റേഷനും

നൽകി കുട്ടികളുടെ കേൾവി ശക്തിയും സംസാരശേഷിയും വീണ്ടെടുക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 'ശ്രുതി തരംഗം' പദ്ധതി സാമൂഹ്യസുരക്ഷാ മിഷൻ മുഖേനെ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ ആദ്യ സർജറി 2012 ഏപ്രിൽ മാസം കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ വച്ചാണ് നടന്നത്. സർജറി ചെയ്ത ഇംപ്ലാന്റിന് ഇവിടെ സൂചിപ്പിച്ചതുപോലെ 10 വർഷവും സ്പീച്ച് പ്രോസ്സസറിന് 4 വർഷവും മറ്റ് അനുബന്ധ സ്പെയറുകൾക്ക് സ്റ്റാന്റേർഡ് വാറന്റിയായ 3 മാസം മുതൽ 3 വർഷം വരെയുമാണ് കാലാവധിയുള്ളത്. 2012-13 വർഷം സർജറി പൂർത്തീകരിച്ച കുട്ടികളുടെ സ്പീച്ച് പ്രോസ്സസറിന്റെ കാലാവധി മൂന്ന് വർഷത്തോടെ 2016 ഏപ്രിൽ മാസത്തിൽ അവസാനിച്ചു. പ്രസ്തുത സാഹചര്യത്തിൽ ഈ ജൂൺ ഒന്നാം തീയതി തന്നെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി യോഗം ചേരുകയും ആദ്യഘട്ട സർജറി നടത്തിയ കുട്ടികളിൽ വച്ച് പിടിപ്പിച്ച സ്പീച്ച് പ്രോസ്സസറുകളുടെയും അനുബന്ധ സ്പെയറുകളുടേയും വാറന്റി പീരീഡ് അവസാനിക്കുന്ന വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. വാറന്റി കാലാവധി അവസാനിക്കുന്ന മുറയ്ക്ക് വാറന്റി ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി ബന്ധപ്പെട്ട കമ്പനികളിൽ നിന്നും ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് ഓർ കോമ്പ്രിഹെൻസീവ് ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് റേറ്റുകളും നിബന്ധനകളും വാങ്ങുവാനായി തീരുമാനിക്കുകയും മേൽനടപടികൾ

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എ.എം.സി. റേറ്റിൽപ്പെടാത്ത വിലകൂടിയ സ്പെയേഴ്സിന്റെ റേറ്റ് ഉൾക്കൊള്ളിച്ച പ്രൊപ്പോസൽ സമർപ്പിച്ചുകൊണ്ട് അത് വാങ്ങുവാൻ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കമ്പനികളിൽ നിന്നും റേറ്റ് കോൺട്രാക്റ്റ് വാങ്ങി തുടർന്ന് ഉപകരണങ്ങളുമായി ബന്ധപ്പെട്ടുള്ള സേവനം ലഭിക്കുന്നതിനുള്ള നടപടികൾ സാമൂഹ്യസുരക്ഷാ മിഷൻ സ്വീകരിച്ച് വരുന്നുണ്ട്. 2015 ജൂൺ മാസം മുതൽ മെഡ്സൽ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നുള്ള കോക്ലിയർ ഇംപ്ലാന്റാണ് ഉപയോഗിച്ചുവരുന്നത്. അതിന് മുൻപുള്ള വർഷങ്ങളിൽ കോക്ലിയർ മെഡിക്കൽ ഡിവൈസ് കമ്പനി, അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നാണ് കോക്ലിയർ ഇംപ്ലാന്റുകൾ വാങ്ങിയിരുന്നത്. ഈ രണ്ട് കമ്പനികളും ഇംപ്ലാന്റുകൾക്ക് 10 വർഷവും സ്പീച്ച് പ്രോസസറിന് 4 വർഷവുമാണ് ഗ്യാറന്റി നൽകിയിരുന്നത്. 2016 ജൂലൈ മുതൽ കോക്ലിയർ ഇൻപ്ലാന്റുകളും അനുബന്ധ ഉപകരങ്ങളും വാങ്ങുന്നതിനുള്ള ഇ-ടെണ്ടർ നടപടി ആരംഭിച്ച വരികയാണ്. ഒന്നാം ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള ഗ്യാരന്റിയായി 10 വർഷവും 4 വർഷവും എന്നുള്ളത് ദീർഘിപ്പിച്ച് കിട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്. ഗ്യാരന്റി ദീർഘിപ്പിക്കുന്നതോടൊപ്പം എ.എം.സി., സി.എ.എം.സി.

എന്നിവ ഉൾക്കൊള്ളുന്ന റേറ്റുകൾക്കനുസരിച്ചുള്ള പർച്ചേസ് നടപടികൾക്കൊപ്പം നിരക്ക് കുറച്ച് കരാറുറപ്പിക്കുന്നതിനും ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് കുട്ടികൾക്ക് ഉപകാരപ്രദമായിട്ടുള്ള ഈ നല്ല പരിപാടി തുടർന്ന് നടത്തുന്നതിനും വാറന്റി പീരീഡ് തീർന്നത് പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടിയെടുക്കുന്നതിനും സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുകയാണ്.

<u>ഡോ. എം. കെ. മുനീർ</u>: സർ, വലിയ സന്തോഷമുള്ള കാര്യമാണ് 'ശ്രുതി തരംഗം' എന്ന പദ്ധതി തുടരുന്നു എന്നുള്ളത്. നെഗോസിയേഷൻ വളരെ പ്രധാനമാണ്. കാരണം ഈ പദ്ധതി തുടങ്ങുമ്പോൾ പുറത്ത് 8 ലക്ഷം, 9 ലക്ഷം രൂപ വരെ കോക്ലിയർ ഇൻപ്ലാന്റിന് വിലയുണ്ടായിരുന്നു. പക്ഷേ നെഗോഷിയേറ്റ് ചെയ്ത് നമ്മുടെ സ്റ്റേറ്റിൽ നാലര ലക്ഷത്തിന് നമുക്ക് അത് ചെയ്യാൻ സാധിച്ചു. ഇന്ത്യയിൽ കിട്ടുന്ന ഏറ്റവും നല്ല റേറ്റാണ്. ഇതിന്റെ കൂടെ ഓഡിയോ വെർബൽ ഹാബിറ്റേഷനാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. അതിന് കൂടുതൽ സൗകര്യങ്ങൾ മറ്റ് സർക്കാർ ആശുപത്രികളിലേക്ക് കൊണ്ടുവരുന്നതിനും ഇനി മേലിൽ കേൾവി ശക്തിയില്ലാത്ത കുട്ടികൾ ജനിക്കാതിരിക്കാനും വേണ്ടി നമ്മൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റി ഉണ്ടാക്കിയിട്ടുണ്ട്. അതുപ്രകാരം എല്ലാ ആശുപത്രികളും

നേരത്തെ, ഗർഭാവസ്ഥയിൽ തന്നെ, ഇത് കണ്ടെത്തി അപ്പോൾ തന്നെ കറക്ട് ചെയ്യാൻ വേണ്ടിയുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: തീർച്ചയായിട്ടും. ഇതിന്റെ ഓപ്പറേഷനും അതുപോലുള്ള മറ്റ് കാര്യങ്ങളും ജില്ലാ തലത്തിലുള്ള ഗവൺമെന്റ് ആശുപത്രികളിലേക്കുകൂടി വ്യാപിപ്പിക്കാൻ കഴിയുമോ എന്ന് നോക്കുന്നുണ്ട്. മാത്രമല്ല ഏർലി ഡിറ്റക്ഷനാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യകത. അതുകൊണ്ട് ജനിച്ച ഉടൻ തന്നെ കുട്ടികളിൽ കേൾവി വൈകല്യമുണ്ടോ എന്ന് പരിശോധിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ ചികിത്സയും ഓപ്പറേഷനുമെല്ലാം കീഴ് ഘടകങ്ങളിലേയ്ക്കുടക്കം ഹോസ്പിറ്റലുകളിൽ വ്യാപിപ്പിക്കണം. അതിന് ആവശ്യമായിട്ടുള്ള ഡോക്ടർമാരെ ട്രെയിൻ ചെയ്യേണ്ടതായിട്ട് വരും. അതിന് ആവശ്യമായിട്ടുള്ള സംവിധാനങ്ങളും ആശുപത്രികളിൽ ഒരുക്കേണ്ടതായിട്ടു വരും. എന്തായാലും ഈ ഓപ്പറേഷൻ സംബന്ധിച്ച കാര്യങ്ങൾ വികേന്ദ്രീകരിക്കാനും വളരെ ചെറിയ പ്രായത്തിൽ തന്നെ, ജനിച്ച ഉടനെ തന്നെ, കേൾവി വൈകല്യം പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുകയാണ്.